DESPATCHED
On. 05/03/2020

6/02/2020

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം_695 001
Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.782(6)/2016/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**File No.13222/SIC-Gen5/2016**

സന്നിഹിതൻ
ശ്രീ.വിൻസൻ എം.പോൾ, മുഖ്യവിവരാവകാശ കമ്മീഷണർ

ശ്രീ. എം.കെ.ആർ. ചന്ദ്രൻ,
ഉല്ലാസ് ഭവൻ,
പെരിങ്ങര, തിരുവല്ല,
കോട്ടയം – 689 108.
} പരാതി ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ,
റെയിൽവേ സ്റ്റേഷന് സമീപം, നാഗമ്പടം,
കോട്ടയം.

2) അപ്പീൽ അധികാരി,
കേരള സംസ്ഥാന പരിവർത്തിത ക്രൈസ്തവ ശുപാർശിത വിഭാഗ വികസന കോർപ്പറേഷൻ,
റെയിൽവേ സ്റ്റേഷന് സമീപം, നാഗമ്പടം,
കോട്ടയം.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 14/07/2016 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10/08/2016 |
| ഒന്നാം അപ്പീൽ അപേക്ഷാ തീയതി | 06/09/2016 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 15/10/2016 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 21/10/2016 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 26/10/2016 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 27/12/2019 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 04/01/2020 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 05/02/2020 – വീഡിയോ കോൺഫറൻസ് ഹാൾ, കളക്ടറേറ്റ്, കോട്ടയം. |
| ഹിയറിംഗിലെ സാന്നിദ്ധ്യം: പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ ശ്രീ. എം.കെ.ആർ. ചന്ദ്രൻ, കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാന്റെ അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി 36 ദിവസങ്ങൾ കഴിഞ്ഞിട്ടും യാതൊരു മറുപടിയും നൽകാതെ ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഓഫീസിൽ നേരിട്ട് എത്തി ശേഖരിക്കാമെന്നാണ് അറിയിച്ചതെന്നും

ടിയാൻ അപേക്ഷാ ഫീസായി അയച്ചു നൽകിയ ചെക്ക് മടക്കി അയച്ചു നൽകി എന്നും ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ നൽകിയില്ല എന്നും ഹർജിക്കാരൻ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെങ്കിലും 46 ദിവസങ്ങൾ കഴിഞ്ഞിട്ടും ആയതിന്മേൽ മറുപടി ഒന്നും ലഭിച്ചിട്ടില്ല എന്നും മറ്റുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

i. എന്നാണ് പരിവർത്തിത ക്രിസ്ത്യാനികൾക്ക് വേണ്ടിയുള്ള Kerala State Development Corporation for Christian converts from Scheduled Caste and the Recommended Communities Ltd. നിലവിൽ വന്നതെന്നും

ii. അതിന്റെ ചെയർമാൻ, ഭരണസമിതി അംഗങ്ങൾ എന്നിവരുടെ പേരുവിവരങ്ങൾ നൽകണമെന്നും മേൽപ്പടി ഭരണസമിതിയ്ക്ക് ഏതെല്ലാം വിധത്തിലുള്ള സാമ്പത്തിക ആനുകൂല്യങ്ങളാണ് നൽകുന്നത് എന്നും

iii. മേൽപ്പടി കോർപ്പറേഷന്റെ കടമകളും ലക്ഷ്യങ്ങളും സൂചിപ്പിക്കുന്ന ഏതെങ്കിലും തരത്തിലുള്ള ബുക്കലറ്റുകളോ കൈപുസ്തകമോ ഉണ്ടെങ്കിൽ അതിന്റെ കോപ്പി നൽകണമെന്നും മറ്റുമായി 13 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

മേൽപ്പടി അപേക്ഷയിന്മേൽ ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, ഹർജിക്കാരൻ ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ വിവിധ ഫയലുകളിൽ നിന്നുള്ളതാകയാൽ 10/- രൂപ എം.ഒ./ക്യാഷായി അടച്ച് ആവശ്യമായ രേഖകൾ പരിശോധിക്കുന്നതിന് അവസരം നൽകുന്നതാണെന്നും ഹർജിക്കാരന്റെ അപേക്ഷയോടൊപ്പം അയച്ചു നൽകിയ ചെക്ക് മടക്കി അയയ്ക്കുന്നു എന്നുമാണ്. ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീൽ അപേക്ഷയിൽ പ്രസ്താവിച്ചത്, ഒന്നാം എതിർകക്ഷിയിൽ നിന്നും ലഭിച്ചിരിക്കുന്നത് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ നിരസിച്ചു കൊണ്ടുള്ള മറുപടിയാണെന്നും ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ ഒന്നാം അപ്പീൽ അധികാരിയെ സംബന്ധിച്ച വിവരങ്ങൾ നൽകിയില്ല എന്നും എസ്.പി.ഐ.ഒ.യുടെ പേരും സ്ഥാനപ്പേരും നൽകിയിട്ടില്ല എന്നും മറ്റുമാണ്.

3. നിലവിലെ ഒന്നാം എതിർകക്ഷി, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ഹർജിക്കാരൻ ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ചതിനെ തുടർന്ന് വിശദമായ മറുപടി ടിയാന് നൽകിയിട്ടുള്ളതാണെന്നും മേൽപ്പടി മറുപടിയിൽ തൃപ്തികരമായ വിവരങ്ങൾ നൽകിയിട്ടുണ്ടെന്ന് ഹർജിക്കാരൻ അറിയിച്ചിട്ടുണ്ടെന്നും ആയതിനാൽ ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിക്കണമെന്നുമാണ്. ഹർജിക്കാരൻ 28.11.2016 തീയതി കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ കത്തിൽ പ്രസ്താവിച്ചത്, 15.10.2016 തീയതി രേഖപ്പെടുത്തിയുള്ള ഒന്നാം അപ്പീൽ അധികാരിയുടെ മറുപടി 21.10.2016 തീയതി ലഭിച്ചു എന്നും മേൽപ്പടി മറുപടിയിൽ ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ പൂർണ്ണമായും തൃപ്തികരമായുമാണ് നൽകിയിട്ടുള്ളതെന്നും മറ്റുമാണ്.

RIGHT TO INFORMATION

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾ സംബന്ധിച്ച് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷി നിരുത്തരവാദപരമായ മറുപടിയാണ് ഹർജിക്കാരന് നൽകിയിരുന്നത് എന്നു കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങളിൽ വളരെ എളുപ്പത്തിൽ നൽകാൻ സാധിക്കുന്നവ പോലും മേൽപ്പടി എതിർകക്ഷി നൽകിയിരുന്നില്ല എന്നു കാണുന്നു. ഹർജിക്കാരന്റെ അപേക്ഷയിലെ 1, 2, 3, 7, 8 എന്നീ ഇനങ്ങളിൽ ആവശ്യപ്പെട്ട വിവരങ്ങൾ എതിർകക്ഷി സ്ഥാപനം വിവരാവകാശ നിയമത്തിലെ 4(1)(ബി) വകുപ്പുപ്രകാരം സ്വമേധയാ വെളിപ്പെടുത്തേണ്ടവ ആയിരുന്നു. മേൽപ്പടി വിവരങ്ങൾ പോലും നൽകാതെ ഹർജിക്കാരനോട് ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ വിവിധ ഫയലുകളിലാണുള്ളതെന്നും അതിനാൽ ആവശ്യമായ രേഖകൾ നേരിൽ പരിശോധിച്ച് വിവരങ്ങൾ ശേഖരിക്കാവുന്നതാണെന്നും അറിയിച്ചിട്ടുള്ളത് വിവരനിഷേധമാണ് എന്നതിൽ തർക്കമില്ല. ആയത് കുറ്റകരവും ശിക്ഷാർഹവുമാണ്. അപ്രകാരം തന്നെ മേൽപ്പടി എതിർകക്ഷി നൽകിയ മറുപടിയിൽ ടിയാന്റെ പേര് നൽകിയിട്ടില്ല എന്നും ഒന്നാം അപ്പീൽ അധികാരിയുടെ അഡ്രസ്സും അപ്പീൽ കാലാവധി സംബന്ധിച്ച വിവരവും നൽകിയിരുന്നില്ല എന്നും കാണുന്നു. മേൽപ്പടി വീഴ്ചകൾ വിവരാവകാശ നിയമത്തിലെ 20(1) വകുപ്പു പ്രകാരം കുറ്റകരവും ശിക്ഷാർഹവുമായതിനാൽ ഇക്കാര്യത്തിൽ വീഴ്ച വരുത്തിയ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയ്ക്കെതിരെ മേൽ വകുപ്പുപ്രകാരമുള്ള ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിക്കു കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ഇക്കാര്യത്തിൽ ടിയാന് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കമ്മീഷൻ ടി വകുപ്പു പ്രകാരമുള്ള അന്തിമ ശിക്ഷാഉത്തരവ് പുറപ്പെടുവിക്കുന്നതായിരിക്കും. ഇക്കാര്യത്തിൽ ടിയാന് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ടു ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതാണ്.

5. ഹർജിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈയവസരത്തിൽ ടിയാന് നൽകിയിട്ടുള്ളതായി കാണുന്നതിനാൽ, ഈ പരാതി ഹർജിയിൽ മറ്റു നടപടികൾ ആവശ്യമില്ലെന്നു വിലയിരുത്തി, ഈ പരാതി ഹർജി ഇന്നേ ദിവസം 2020 ഫെബ്രുവരി 6-ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)
വിൻസൻ എം.പോൾ
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

അഡീഷണൽ സെക്രട്ടറി(നിയമം)

us

STATE INFORMATION COMMISSION THIRUVANANTHAPURAM

RIGHT TO INFORMATION